LIBRARY ARCHIVES Kerala Legislative Assembly

വാഹന മോഷണവുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ

14 [5836] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഹന മോഷണവുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പിടിച്ചെടുത്ത വാഹനങ്ങളിൽ എത്ര വാഹനങ്ങൾ വ്യാജ രജിസ്ട്രേഷൻ ഉള്ളവ ഉണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) പിടിച്ചെടുത്ത വാഹനങ്ങളിൽ എത്ര വാഹനങ്ങൾ ലേലം ചെയ്തു എന്നും ആ വകയിൽ എന്തു തുക ലഭിച്ചു എന്നും വിശദമാക്കുമോ;

(ഡി) ഇപ്രകാരം പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതുവരെയുള്ള കാലയളവിൽ സർക്കാർ ആവശ്യങ്ങൾക്ക് വിനിയോഗിക്കത്തക്കവണ്ണം നിയമനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1239 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

(ബി) 100 വാഹനങ്ങൾ

(സി) ഒരു വാഹനം ലേലം ചെയ്തു. 75,000 രൂപയ്ക്കാണ് ലേലം ചെയ്തത്.

(ഡി) ഇല്ല.

ദ്രുതകർമ്മസേന നിർത്തലാക്കുന്നതിന് നടപടി

15 [5837] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രുതകർമ്മസേന നിർത്തലാക്കുന്നതിന് സർക്കാർ നിർദ്ദേശം എടുത്തിട്ടുണ്ടോ;

(ബി) കെ. എ. പി. ആറാം ബറ്റാലിയൻ ആലപ്പുഴയിൽ തന്നെ തുടരണമെന്ന നിർദ്ദേശം പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്ന് ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദ്രുതകർമ്മസേന നിർത്തലാക്കിയശേഷം അത് കെ. എ. പി. ആറാം ബറ്റാലിയനായി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.